ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ

108 (2164)ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ പഞ്ചായത്തുകളുടെ സെക്രട്ടറിമാരായി എല്ലായിടത്തും ഐ.എ.എസ് കാരെയാണോ നിയമിച്ചിട്ടുള്ളത്;

(ബി) ഈ ജോലി ചെയ്യാൻ ഐ.എ.എസ് കാർ പൊതുവേ വിമുഖത കാണിക്കുന്നുണ്ടോ;

(സി) എങ്കിൽ അതിന് അവർ പറയുന്ന കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) അല്ല.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

പഞ്ചായത്ത് മുനിസിപ്പൽ കോർപ്പറേഷൻ ഉദ്യോഗസ്ഥരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും തമ്മിലുള്ള തർക്കം

109 (2165)ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്ത് മുനിസിപ്പൽ, കോർപ്പറേഷൻ ഉദ്യോഗസ്ഥരും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും തമ്മിൽ കയ്യേറ്റമോ, വാക്കു തർക്കമോ നടന്ന എത്ര സംഭവങ്ങൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങൾക്ക് കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) വകുപ്പുതല അച്ചടക്ക നടപടി എത്ര പേർക്ക് എതിരെ എടുത്തു വെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടില്ല.

(ബി)&(സി) ബാധകമല്ല.

തിരുവനന്തപുരം വികസന അതോറിറ്റിയുടെ പദ്ധതികൾ

110 (2167)ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്ത പുരം വികസന അതോറിറ്റി ഏതെല്ലാം പദ്ധതികളുടെ പണി തുടങ്ങി;

(ബി) ഇതിൽ എത്ര എണ്ണത്തിന്റെ പണി പൂർത്തീകരിച്ചു;

(സി) ബാക്കിയുള്ളതിന്റെ പണികൾ പൂർത്തീകരിക്കാനുള്ള കാലതാ മസത്തിന് കാരണമെന്താണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) താഴെ പറയുന്ന പദ്ധതികളുടെ പണി തുടങ്ങി.

1. വെള്ളയമ്പലം തൈക്കാട് റോഡ് വികസനം 1-ാം ഘട്ടം.
2. പുന്നൻ റോഡ് വികസനം.
3. മെഡിക്കൽ കോളേജിനു സമീപമുള്ള വിശ്രമ സങ്കേതം.
4. പി.എം.ജി. ജംഗ്ഷൻ മുതൽ മസ്ക്കറ്റ് ഹോട്ടൽ ജംഗ്ഷൻ വരെ യുള്ള റോഡ് വികസനം.
5. നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ സ്ളോട്ടർ ഹൗസ്.

(ബി) എല്ലാ പദ്ധതികളുടെയും പണികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

(സി) സ്ഥലം ഉടമകളിൽ നിന്നും സ്ഥലംവിട്ടുകിട്ടുന്നതിന് കാലതാ മസം നേരിട്ടതിനാലാണ് റോഡു വികസന പദ്ധതികൾ പൂർത്തിയാക്കാൻ സാധിക്കാഞ്ഞത്.

തിരുവനന്തപുരം നഗരസഭയുടെ യുണൈറ്റഡ് ഫണ്ട്

111 (2168)ശ്രീ. പാലോട് രവി :

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ തിരുവനന്തപുരം നഗരസ ഭയ്ക്ക് യുണൈറ്റഡ് ഫണ്ട് ഇനത്തിൽ എത്ര രൂപ ലഭിച്ചിട്ടുണ്ട്;

(ബി) ഈ തുകയുടെ വിനിയോഗത്തിന് സർക്കാർ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഈ ഇനത്തിൽ ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച കണക്കുകൾ കൗൺസിൽ അംഗീകരിച്ചിട്ടുണ്ടോ;

(ഡി) ഈ കണക്കുകൾ ആഡിറ്റിംഗിന് വിധേയമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ യുണൈറ്റഡ് ഫണ്ട് ഇന ത്തിൽ തിരുവനന്തപുരം നഗരസഭയ്ക്ക് തുകയൊന്നും ലഭിച്ചിട്ടില്ല.

(ബി)-(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly